# 13-ാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ: 4014 31.01.2014-ൽ മറുപടിക്ക്**

**വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട അരിവാൾ രോഗികൾക്ക് പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ്കുമാർ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട അരിവാൾ രോഗികൾക്ക് പെൻഷൻ നൽകുന്ന പദ്ധതി ഏതു ഘട്ടംവരെയായിയെന്നു വ്യക്തമാക്കുമോ ; | (എ) | വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട അരിവാൾ രോഗികൾക്ക് 2012 ഡിസംബർ മുതൽ മാസം തോറും 1000/-രൂപ നിരക്കിൽ സമാശ്വാസ ധനസഹായം അനുവദിച്ച് ബാങ്ക് വഴി നൽകി വരുന്നു. |
| (ബി) | ജില്ലയിലെ ആദിവാസി വിഭാഗത്തിൽപെട്ട എല്ലാ രോഗികളെയും കണ്ടെത്തി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) | ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് അരിവാൾ രോഗികൾക്ക് ധനസഹായം അനുവദിക്കുന്നത്. വയനാട് ജില്ലയിൽ ഡോക്ടർമാരുടെ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ നൽകിയ എല്ലാ പട്ടികവർഗ്ഗ രോഗികൾക്കും ഇതിനകം ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ പദ്ധതിയെപ്പറ്റി പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ആരോഗ്യ പ്രവർത്തകർ എന്നിവർ മുഖേന പട്ടികവർഗ്ഗക്കാർക്കിടയിൽ വ്യാപകമായ പ്രചാരണം നൽകി വരുന്നു. |
| (സി) | എത്ര രോഗികൾക്ക് നാളിതുവരെ പെൻഷൻ നൽകിയെന്നതിന്റെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ? | (സി) | (താഴെ പട്ടിക കാണുക) |

| താലൂക്ക് | പെൻഷൻ ലഭിച്ച രോഗികളുടെ എണ്ണം |
|---|---|
| വൈത്തിരി | 62 |
| മാനന്തവാടി | 85 |
| സുൽത്താൻബത്തേരി | 302 |
| ആകെ | 449 |

സെക്ഷൻ ആഫീസർ